**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജൈവം പദ്ധതിയുടെ ഭാഗമായി 'മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്രിയേഷൻസിന്റെ' ബാനറിൽ നിർമ്മിക്കുന്ന രണ്ടാം ചലച്ചിത്രമായ 'ടിപ്പ്' എന്ന സിനിമയുടെ നിർമ്മാതാവിന്റെ പേരു മാറ്റുന്നത് സംബന്ധിച്ച നിയമോപദേശം അംഗീകരിച്ചു ഉത്തരവായി പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 2037/AD A 7/2019/എം.ജി.യു	പ്രിയദർശിനി ഹിൽസ്,തീയതി: 14.05.2019

പരാമർശം:-1. 26.03.2019 ന ചേർന്ന ജൈവം പദ്ധതിയുടെ സംഘാടക സമിതി യോഗത്തിന്റെ മിനിറ്റ്സ്.

2. ബഹു. വൈസ് ചാൻസലർ i/c ന്റെ 30.04.2019 തീയതിയിലെ ഉത്തരവോടുകൂടിയുള്ള ജൈവം പദ്ധതിയുടെ ജനറൽ കൺവീനറുടെ കുറിപ്പ്.

**ഉത്തരവ്**

'മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്രിയേഷൻസിന്റെ' ആദ്യത്തെ സിനിമയിൽ നിർമ്മാതാവിന്റെ പേരിന്റെ സ്ഥാനത്ത് 'എം. ആർ. ഉണ്ണി, സർവകലാശാലാ രജിസ്ട്രാർ' എന്നാണ് ചേർത്തിരിക്കുന്നത്. ടിയാൻ വിരമിച്ച സാഹചര്യത്തിൽ 'ടിപ്പ്' എന്ന പുതിയ സിനിമയുടെ നിർമ്മാതാവിന്റെ പേര് സംബന്ധിച്ച് നിയമോപദേശം തേടുവാനും അതിനനുസൃതമായി തീരുമാനമെടുക്കുവാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്തിയും ജൈവം പദ്ധതിയുടെ സംഘാടകസമിതി യോഗം സൂചന (1) പ്രകാരം തീരുമാനം കൈക്കൊണ്ടു. തുടർന്ന്, ചുവടെ പരാമർശിക്കും പ്രകാരമുള്ള നിയമോപദേശം സർവകലാശാലയുടെ ലീഗൽ അഡ്വൈസർ നൽകിയിരുന്നു.

'സിനിമയുടെ നിർമ്മാതാവ് സർവകലാശാലയാണ്. സർവകലാശാലയുടെ പ്രതിനിധിയെന്ന നിലയിൽ മാത്രമാണ് രജിസ്ട്രാറുടെ പേര് സിനിമയുടെ നിർമ്മാതാവിന്റെ പേരിന്റെ സ്ഥാനത്ത് ചേർത്തിരുന്നത്. ശ്രീ എം. ആർ. ഉണ്ണി വിരമിച്ചതിനാൽ പുതിയ സിനിമയായ 'ടിപ്പ്' ൽ അദ്ദേഹത്തിന്റെ പേര് നിർമ്മാതാവിന്റെ സ്ഥാനത്ത് ചേർക്കുന്നത് ഉചിതമല്ല. പുതിയ സിനിമയിൽ ഇപ്പോഴത്തെ രജിസ്ട്രാറുടെ പേരാണ് ചേർക്കേണ്ടത്. ഈ മാറ്റം സംബന്ധിച്ച വിവരം ബന്ധപ്പെട്ട അധികൃതരെ അറിയിക്കുകയും വേണം'

പ്രസ്തുത നിയമോപദേശം അംഗീകരിച്ച് സൂചന (2) പ്രകാരം ബഹു. വൈസ് ചാൻസലർ i/c ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉണ്ണികൃഷ്ണ വാര്യർ .കെ

ഡപ്യൂട്ടി രജിസ്ട്രാർ ഡി ഡി എഫ് എസ്
രജിസ്ട്രാർക്ക് വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 16369/AD A7/1/2019/AD A 7 Approved by DEPUTY REGISTRAR DDFS on 14-May-2019 03:27 PM - Page 1

പകർപ്പ്

1. ജനറൽ കൺവീനർ, 'ജൈവം' പദ്ധതി
2. വൈസ് ചാൻസലറുടെ/പ്രൊ-വൈസ് ചാൻസലറുടെ പി. എസ്.
3. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി. എ.
4. ജോയിന്റ് രജിസ്ട്രാർ-3 (ഭരണം)/ഡെപ്യൂട്ടി രജിസ്ട്രാർ (ഡി ഡി എഫ് എസ് )
5.ജൈവം സെൽ (തുടർ നടപടികൾക്കായി )
6.ഐ. ക്യൂ. എ. സി. /എസി .സി
7.റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 16369/AD A7/1/2019/AD A 7 Approved by DEPUTY REGISTRAR DDFS on 14-May-2019 03:27 PM - Page 2